**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6253** **17-03-2023 - ൽ മറുപടിയ്ക്ക്**

**കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ജില്ല സഹകരണ ബാങ്കുകൾ കേരള ബാങ്ക് ആക്കി മാറ്റിയതിന് ശേഷം കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന ഏതെങ്കിലും വായ്പ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരളാ ബാങ്ക് ആക്കി മാറ്റിയതിന് ശേഷം കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന വായ്പകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. കേരളാ ബാങ്ക് രൂപീകരണ ശേഷം വിവിധ ജില്ലാ ബാങ്കുകളിൽ നിലനിന്നിരുന്ന വായ്പാ പദ്ധതികൾ ഏകീകരിച്ച് പുനരാവിഷ്കരിച്ചിട്ടുണ്ട്. കർഷകർക്കായി കെ.ബി കിസ്സാൻ മിത്ര സ്വർണ്ണ പണയ വായ്പാപദ്ധതിയും, മൂന്ന് ലക്ഷത്തിന് മുകളിൽ കെ.ബി കിസാൻ മിത്ര വായ്പയും നൽകിവരുന്നുണ്ട്. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ (FPO)- കൾക്കുള്ള കെ.ബി. FPO വായ്പ, കെ.ബി മൈക്രോ ഫുഡ് പ്രോസസിംഗ് വായ്പ എന്നിവയും അനുവദിക്കുന്നുണ്ട്.<br><br>വ്യാപാരികൾക്കുള്ള വായ്പാ സഹായം ലഘു ജാമ്യ വ്യവസ്ഥയിൽ 5 ലക്ഷം രൂപ വരെ കെ.ബി സുവിധ പ്ലസ് വായ്പയായും, ടി തുകക്ക് മുകളിൽ കെ.ബി. മിത്ര വായ്പ വഴിയും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ